മലയാള മനോരമ

24 May 2026

# പാടം ഒരു പാഠം

സൗഹൃദവഴിയിലേക്കു കൃഷിയെയും പരിസ്ഥിതി സംരക്ഷണത്തെയും കൊണ്ടുവന്ന മൂന്നു സുഹൃത്തുക്കളുടെ ജീവിതപാഠം.

**കെ.ജയപ്രകാശ് ബാബു**
jayaprakashk@mm.co.in



ഡോ. ദിനേശൻ ചെറുവാട്ട്, ഡോ.ജാഫർ പാലോട്ട്, ഡോ. പി.കെ.അശോകൻ എന്നിവർ മാനിക്കൊല്ലിയിലെ കൃഷിയിടത്തിൽ. *ചിത്രം: ധനേഷ് അശോകൻ/മനോരമ*

അവർ ആദ്യം പാടമുണ്ടാക്കി. അവിടെ നെല്ലു നട്ടു. അതൊരു 'നെൽ പാഠ'മായി. 3 പേരാണവർ: ഇടുക്കി കലക്ടർ ഡോ. ദിനേശൻ ചെറുവാട്ട്, സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യ കോഴിക്കോട് മേഖലാ കേന്ദ്രത്തിലെ സയന്റിസ്റ്റ് ഡോ.ജാഫർ പാലോട്ട്, സെൻട്രൽ മറൈൻ ഫിഷറീസ് ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് മേഖലാ കേന്ദ്രം ഇൻ ചാർജ് സ്ഥാനത്തു നിന്നു വിരമിച്ച ഡോ.പി.കെ.അശോകൻ. ദശാബ്ദങ്ങൾ നീണ്ട ഇവരുടെ സൗഹൃദത്തിന്റെ കഥ കൂടി പറയുന്നു, ഗന്ധകശാല നെല്ലിന്റെ സുഗന്ധം പടർത്തുന്ന ഈ 'കൂട്ടു'കൃഷി പാടം.

## പാടത്തു നിന്നു പാഠത്തിലേക്ക്

വയനാട് തിരുനെല്ലി പഞ്ചായത്തിലെ പനവല്ലിക്കു സമീപം മാനിക്കൊല്ലിയിൽ 2016ൽ ആണു ജാഫറും ദിനേശനും അശോകനും ചേർന്ന് 8 ഏക്കറോളം ഭൂമി വാങ്ങിയത്. കേരളത്തിലാകെ നെൽപാടം നികത്തി പറമ്പാക്കാനുള്ള ശ്രമം നടക്കുമ്പോൾ, 3 ഏക്കർ കിളച്ചു മറിച്ച്, ചാണകവും ജൈവവളങ്ങളുമിട്ടു നെൽവയൽ രൂപപ്പെടുത്തുകയാണിവർ ആദ്യം ചെയ്തത്. വയലിന് ഇടവരമ്പുകളും അതിർവരമ്പുകളും വച്ചു. നീരൊഴുക്കിനായി അരികിലൂടെ തോടും ഒരു ഭാഗത്ത് കുളവുമുണ്ടാക്കി. വയനാടൻ നെല്ലിനങ്ങളായ തൊണ്ടി, പാൽത്തൊണ്ടി, കുള്ളൻതൊണ്ടി, വലിച്ചൂരി, ഗന്ധകശാല എന്നിവ കൃഷി ചെയ്തായിരുന്നു തുടക്കം. ഇപ്പോൾ കുള്ളൻതൊണ്ടിയും ഗന്ധകശാലയുമാണു കൃഷി.

ജൂലൈയിൽ വിത്തിറക്കി, ഡിസംബർ പാതിയാകുമ്പോഴേക്കു കൊയ്യും. വർഷത്തിൽ ഒരു തവണ മാത്രം. വിളവെടുത്ത ശേഷം, പാടത്തു നൈട്രജൻ അംശം കൂട്ടുന്നതിനായി ചെറുപയർ, വൻപയർ, മമ്പയർ, മുതിര തുടങ്ങിയ പയറുവർഗങ്ങൾ കൃഷി ചെയ്യും. ഇവ പൊതുവേ വിളവെടുക്കാറില്ല. കിളച്ച്, മണ്ണിൽ തന്നെ ചേർക്കുകയാണു ചെയ്യുന്നത്. കുള്ളൻതൊണ്ടി ഏക്കറിന് 1200 കിലോഗ്രാമും ഗന്ധകശാല ഏക്കറിന് 600 കിലോഗ്രാമും നെല്ല് വിളവെടുക്കാറുണ്ടെന്നു ഡോ.ദിനേശൻ ചെറുവാട്ട് പറഞ്ഞു. തത്തയും മയിലും ആറ്റകിളിയുമടക്കമുള്ളവർക്കു വളരെ ഇഷ്ടമാണു ഗന്ധകശാല. വിളവു കുറയാൻ കാരണവും മറ്റൊന്നുമല്ല. പക്ഷേ, പക്ഷികളെയും കീടങ്ങളെയും കൊല്ലാൻ കെണി വയ്ക്കുകയോ കീടനാശിനി തളിക്കുകയോ ചെയ്യാറില്ല.

ഭൂമി വാങ്ങുമ്പോൾ ഉടമയുടെ ബന്ധുവും തിരുനെല്ലി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റുമായിരുന്ന പി.എൻ.സുബ്രഹ്മണ്യൻ പറഞ്ഞത് ഡോ.ജാഫർ പാലോട്ട് ഓർത്തെടുത്തു. 'ആനയുടെ നികുതി ആന ഈടാക്കും.' സഹവർത്തിത്വത്തിന്റെ ഈ സാരോപദേശം സുബ്രഹ്മണ്യനു മുൻപു തന്നെ ദിനേശനും ജാഫറിനും പകർന്നു കിട്ടിയിരുന്നു. പയ്യന്നൂർ കോളജിലെ സുവോളജി വിഭാഗം തലവനായിരുന്ന ജോൺ സിയെന്ന പ്രഫ. ജോൺ സി.ജേക്കബിൽ നിന്ന്.

## അറിവുമരത്തിന്റെ ചുവട്ടിൽ

പുല്ലിനും പൂമ്പാറ്റയ്ക്കും മനുഷ്യനും ഈ ഭൂമിയിൽ ഒരേ അവകാശമാണെന്ന അറിവ് ഇരുവർക്കും പകർന്നതു കേരളത്തിൽ പരിസ്ഥിതി പഠനത്തിനും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്കും വിത്തുപാകിയ പ്രഫ. ജോൺ സി.ജേക്കബാണ്. ആ പാഠമുൾക്കൊണ്ട പാടമാണു മാനിക്കൊല്ലിയിലേത്. ജൈവവളങ്ങളും ജൈവരീതികളും മാത്രം. 3 ഏക്കറിൽ കവുങ്ങു വച്ചിട്ടുണ്ട്. കുറച്ചു ഭാഗത്തു മഞ്ഞളും കൃഷി ചെയ്യുന്നു. 3 പേരും അവധി ദിനങ്ങളടക്കം പ്രയോജനപ്പെടുത്തി, മാസത്തിൽ 3-4 ദിവസങ്ങൾ ഇവിടെയെത്തിയാണു മേൽനോട്ടം നൽകുന്നത്. ഇടുക്കി കലക്ടറെന്ന നിലയിൽ വലിയ തിരക്കുകളുണ്ടെങ്കിലും അവധി കിട്ടിയാൽ ഡോ.ദിനേശൻ ചെറുവാട്ട് മാനിക്കൊല്ലിയിലേക്കോടിയെത്തും. നെൽക്കൃഷിയുടെ സമയത്തു 3 പേരും കൂടുതൽ ദിവസങ്ങളിലുണ്ടാകും. താമസത്തിനു ചെറിയൊരു വീടുണ്ട്. തൊഴിലാളികൾക്കു നിർദേശം നൽകാൻ മാത്രമല്ല, വയലിലും പറമ്പിലും ഇറങ്ങി കിളയ്ക്കാനും നെല്ല് കൊയ്തെടുക്കാനും 3 പേരുമുണ്ട്. കുളത്തിലും നീർച്ചാലിലും ഇടയ്ക്കു മീൻകൃഷി പരീക്ഷിച്ചിരുന്നു. ഒരേക്കറിൽ അരയാലും മറ്റു മരങ്ങളും മുളയുമൊക്കെ പന്തലിച്ചു നിൽക്കുന്നു.

## പാടം പാഠശാലയാകുമ്പോൾ

വയനാട് വന്യജീവി സങ്കേതത്തിന്റെ സാമീപ്യം. ബേഗൂർ സംരക്ഷിത വനമാണ് ഇരുവശത്തെ അതിരുകളിൽ. മറ്റൊരതിരിലൂടെ കബനിയുടെ കൈവഴിയായ കാളിന്ദിപ്പുഴയൊഴുകുന്നു. ഇവിടെ സുസ്ഥിരവും പ്രകൃതി സൗഹൃദവുമായ കൃഷി മാത്രമല്ല, ഇവരുടെ ലക്ഷ്യം. ജോൺസി ജേക്കബിന്റെ ജീവിത ദർശനം സാക്ഷാത്കരിക്കുന്ന തരത്തിൽ, പ്രകൃതിയെയും അതിന്റെ ആത്മാവിനെയും അടുത്തറിയാനുള്ള പാഠശാലയാണു യഥാർഥ ലക്ഷ്യം. കുട്ടികൾക്കും മുതിർന്നവർക്കും ഇവിടെ താമസിച്ചു പരിസ്ഥിതി പഠനത്തിനും പ്രകൃതി നിരീക്ഷണത്തിനും അറിവു പങ്കുവയ്ക്കാനും സ്വച്ഛമായ ജീവിത കാഴ്ചപ്പാടു വളർത്തിയെടുക്കാനുമുള്ള പാഠശാലയാണു മനസ്സിലെന്നു ഡോ.ജാഫർ പാലോട്ട് പറയുന്നു. . ഇവരുടെ പരിചയക്കൂട്ടത്തിലെ ഒട്ടേറെ പരിസ്ഥിതി പ്രവർത്തകരും പക്ഷി, പൂമ്പാറ്റ നിരീക്ഷകരും ശാസ്ത്രജ്ഞരുമൊക്കെ ഇതിനകം ഇവിടെ താമസിച്ചു ജീവജാലങ്ങളെ നിരീക്ഷിച്ചിട്ടുണ്ട്. ദേശാടകരടക്കം 180ൽ പരം പക്ഷിയിനങ്ങളെയും 160ൽ പരം ഇനം പൂമ്പാറ്റകളെയും അഞ്ചിനം ഞണ്ടുകളെയും ഒട്ടേറെ തുമ്പി വർഗങ്ങളെയും ഇതിനകം ഇവിടെ നിരീക്ഷിച്ചിട്ടുമുണ്ട്.

## കൂട്ടുകൃഷിയിലെ കൂട്ട്

കണ്ണൂർ മാടായി ഗവ. ബോയ്സ് ഹൈസ്കൂളിലെ ചരൽമുറ്റത്തു തുടങ്ങിയ, 45 വർഷത്തെ സൗഹൃദത്തിന്റെ കഥ കൂടിയുണ്ട് ഈ പാടവരമ്പത്ത്. 1981ൽ, കണ്ണൂർ മാടായി ഗവ.ബോയ്സ് ഹൈസ്കൂളിൽ പഠിക്കുമ്പോഴാണു കണ്ണൂർ അതിയടം സ്വദേശിയായ ദിനേശനും മാടായി സ്വദേശി ജാഫറും സുഹൃത്തുക്കളാകുന്നത്. വെവ്വേറെ കോളജുകളിലായിരുന്നുവെങ്കിലും പ്രീഡിഗ്രി മുതൽ ബിരുദാനന്തര ബിരുദം വരെ ഇരുവരും 'കംബൈൻഡ് സ്റ്റഡി'ക്കാരായിരുന്നു. പയ്യന്നൂർ കോളജിൽ പ്രീഡിഗ്രി കാലത്താണു ദിനേശൻ ജോൺസിയുടെ ശിഷ്യനാകുന്നത്.

പയ്യന്നൂർ കോളജിൽ പഠിക്കാതിരുന്നിട്ടും പക്ഷി നിരീക്ഷണവും പരിസ്ഥിതി സംരക്ഷണ പ്രവർത്തനവും ജോൺസിയുമായി ജാഫറിനെയും ചേർത്തു നിർത്തി. പഠനത്തിൽ മാത്രമല്ല, പരിസ്ഥിതി സംരക്ഷണത്തിന്റെയും പ്രചാരണത്തിന്റെയും വഴിയിൽ ഇരുവരും ജോൺസിക്കു പ്രിയപ്പെട്ടവരായി. ഇരുവർക്കും സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യയിൽ ജോലി ലഭിച്ചതും ഒരുമിച്ചായിരുന്നു.

2 വർഷത്തിനു ശേഷം സംസ്ഥാന ഫിഷറീസ് വകുപ്പിൽ ജോലി ലഭിച്ചതോടെ ദിനേശൻ സെഡ്എസ്ഐയിൽ നിന്നു രാജിവച്ചു. 2006ൽ ഇരുവരും അതതു സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെന്ന നിലയിൽ കോഴിക്കോട്ട് ഒരുമിച്ചു. കോഴിക്കോട് സിവിൽ സ്റ്റേഷൻ സ്വദേശിയായ ഡോ.പി.കെ.അശോകൻ ആ സമയത്തു കോഴിക്കോട് സിഎംഎഫ്ആർഐയിലുണ്ടായിരുന്നു. ഔദ്യോഗികമായ പരിചയം, മൂന്നു പേരുടെ സൗഹൃദക്കൂട്ടിലേക്കു വളർന്നു.

3 പേരും ശാസ്ത്ര, പരിസ്ഥിതി മേഖലകളിൽ ഒട്ടേറെ പ്രബന്ധങ്ങളും പുസ്തകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോഴിക്കോട് ആസ്ഥാനമാക്കി മലബാർ നാചറൽ ഹിസ്റ്ററി സൊസൈറ്റിയെന്ന ശാസ്ത്ര ഗവേഷണ സംഘടന സ്ഥാപിക്കാൻ മുൻകൈയെടുത്ത ഇവർ പരിസ്ഥിതി സംരക്ഷണ രംഗത്തും സജീവമാണ്. ഒരേ ആശയങ്ങളും ചിന്തകളുമായി നടന്നവരുടെ ആലോചന, തീർത്തും പ്രകൃതി സൗഹൃദമായ കൃഷിയിലും മാനിക്കൊല്ലിയിലുമാണ് എത്തി നിന്നത്.

ഇവർക്കിതു പ്രിയഭൂമിയാണ്. 3 പേരുടെ സ്വപ്നവും വീക്ഷണവും ചിന്തയും കാഴ്ചപ്പാടുകളും ആശയവുമൊക്കെ ഇവിടെ സംഗമിക്കുന്നു. ഈ മണ്ണിനിടാൻ, കാളിന്ദിപ്പുഴയുടെ നീരുപോലെ തെളിമയാർന്ന, സ്വപ്നം പോലെ മനോഹരമായ ഒരു പേരിനായി അവർ കാത്തിരിക്കുന്നു.